# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2187** **06/10/2016 ൽ മറുപടി**

## <u>പാഠപുസ്തക വിതരണം</u>

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും യഥാസമയം പാഠപുസ്തകം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അദ്ധ്യയനവർഷം ആരംഭിച്ച് എത്ര ദിവസം കഴിഞ്ഞാലാണ് എല്ലാ വിദ്യാർത്ഥികൾക്കും പാഠപുസ്തകം ലഭ്യമാക്കാൻ കഴിയുക എന്ന് അറിയിക്കുമോ; | | (എ) | യഥാസമയം കൃത്യമായ ഇൻഡന്റ് ലഭിക്കാത്തതുമൂലം (2016-17) അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണത്തിൽ നേരിയ കാലതാമസം നേരിട്ടു എങ്കിലും ഓണപ്പരീക്ഷയ്ക്ക് മുൻപായി തന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പാഠപുസ്തകം യഥാസമയം ലഭ്യമാക്കാത്തത് വിദ്യാർത്ഥികളുടെ ഈ അദ്ധ്യയന വർഷത്തെ പഠനത്തെ ബാധിച്ചിട്ടുണ്ടോ; | | (ബി) | ഇല്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുശേഷവും യഥാസമയം ഇത് പൂർത്തിയാക്കാൻ കഴിയാത്തത് ഏത് തലത്തിലുണ്ടായ വീഴ്ചയാണെന്ന് വ്യക്തമാക്കുമോ? | | (സി) | ഒന്നാം വാല്യം പുസ്തക വിതരണം പൂർത്തിയായിട്ടുണ്ട്. രണ്ടാം വാല്യം പുസ്തക വിതരണം കൃത്യസമയത്ത് തന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-മോണിട്ടറിംഗ് സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഡന്റ് പ്രകാരമാണ് പാഠപുസ്തകങ്ങൾ അച്ചടിക്കുന്നത് എന്നതിനാൽ കൃത്യമായ ഇൻഡന്റ് നൽകാത്തതുമൂലമുണ്ടായ പിഴവ് വ്യക്ത്യാധിഷ്ഠിതമായി കണക്കാക്കാനാവില്ല. |

സെക്ഷൻ ഓഫീസർ